**പതിനാലാം കേരള നിയമസഭ**
**ഇരുപത്തി രണ്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത**<br>**ചോദ്യം നം. 1006** | **14-01-2021 ലെ**<br>**മറുപടി** |

**<u>കുടിവെള്ള വിതരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ . മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഇ. എസ്. ബിജിമോൾ**<br>**ശ്രീ. ഇ കെ വിജയൻ**<br>**ശ്രീ . മുഹമ്മദ് മുഹസിൻ പി** | | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കുടിവെള്ള വിതരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരള ജലഅതോറിറ്റിയുടെ കീഴിൽ കുടിവെള്ള വിതരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ പട്ടിക അനുബന്ധം (1 ) ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലനിധി രണ്ടാംഘട്ട പദ്ധതി വഴി 31.12.2020 വരെ 1017 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും അതുവഴി 1.76 ലക്ഷം കുടുംബങ്ങളിലെ 7.76 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നൽകുകയും ചെയ്തു. ഇതിനായി 799.24 കോടി രൂപ ചിലവാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളിൽ 187 ഏകപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി പദ്ധതികളുടെയും വിവിധ ഗ്രാമപഞ്ചായത്ത് പദ്ധതികളുടെയും പുനരുദ്ധാരണവും 3 മൾട്ടി ജി പി പദ്ധതിയും 23 ബൃഹദ് പദ്ധതികളും ഉൾപ്പെടുന്നു. 574 ഭൂജല സംപോഷണ യൂണിറ്റുകളും (ജി.ഡബ്ള്യു.ആർ) ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചു. പദ്ധതി പ്രവർത്തനങ്ങൾക്കായി 12.05 കോടി |

| | | | |
|---|---|---|---|
| | | | രൂപ ഗുണഭോക്താക്കളിൽ നിന്നും 48.94 കോടി രൂപ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഈ കാലയളവിൽ സ്വരൂപിച്ചു. 54,500 ഓളം ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തിപ്പിനുള്ള പരിശീലനം നൽകി.<br>KRWSA യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'മഴ കേന്ദ്രം സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന മഴവെള്ള സംഭരണം - ഭൂജലപരിപോഷണം പദ്ധതിയുടെ ഭാഗമായി 29 ഗ്രാമപഞ്ചായത്തുകളിലെ 4101 വ്യക്തിഗത കുടുംബങ്ങൾക്ക് 10,000 ലിറ്റർ ജലസംഭരണികൾ നിർമ്മിച്ചു നൽകുകയുണ്ടായി. പദ്ധതിയുടെ ആനുകൂല്യം കൂടുതലായും മലയോര/ തീരഗ്രാമപഞ്ചായത്തുകൾക്കും ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കുമാണ് ലഭ്യമാക്കുന്നത്.<br>ജലസൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തില് 840 സർക്കാർ വിദ്യാലയങ്ങളിൽ 10,000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകി.<br>ഈ സാമ്പത്തിക വർഷത്തിൽ 5 ഗ്രാമപഞ്ചായത്തുകളിലെ 750 കുടുംബങ്ങൾക്ക് 10,000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ ശേഷിയുള്ള സംഭരണികളും പങ്കാളിത്താതിഷ്ഠിത മാതൃകയിൽ നിർമ്മിച്ചു നൽകുവാൻ ലക്ഷ്യമിടുന്നു.<br>കൂടാതെ സംസ്ഥാനത്തെ 6 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ച് 8500 കിണറുകൾ റീചാർജി ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഭൂജലവകുപ്പ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് 113 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാൻഡ്പൈപ്പ് കുടിവെള്ളപദ്ധതികളും 604 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണവും നടത്തിയിട്ടുണ്ട്. |
| (ബി) | ജല അതോറിറ്റി, ജലനിധി, ഭൂജലവകുപ്പ് എന്നീ ഏജൻസികളിലൂടെ നൽകിയ കുടിവെള്ള കണക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) യും (സി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 11.33 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br>ജല ജീവൻ പദ്ധതിയുടെ ഭാഗമായി 2020-21 കാലയളവിൽ നാളിതുവരെ (11.01.2021) 166064 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br>2020 □ 2 1 കാലയളവിൽ KRWSA വഴി ജലജീവൻ മിഷൻ പദ്ധതി പ്രകാരം 37,096/- ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിരിക്കുന്നത്. ആയതിനാൽ 07.01.2020 വരെ 950 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഗാർഹിക കണക്ഷനുകൾ 2021 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജലജീവൻ മിഷനിലൂടെ നൽകിയ കുടിവെള്ള കണക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | | |
| (ഡി) | കുടിവെള്ള വിതരണ മേഖലയിൽ കിഫ്ബി വഴി നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | കുടിവെള്ള വിതരണ മേഖലയിൽ കേരള ജലഅതോറിറ്റി മുഖേന കിഫ്ബി വഴി നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു |

| | | | |
|---|---|---|---|
| (ഇ ) | ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി ഈ സർക്കാർ കാലയളവിൽ നടപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ? | | ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഈ സർക്കാർ കാലയളവിൽ 216 കുഴൽകിണർ നിർമ്മാണവും 113 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാൻഡ് പൈപ്പ് പദ്ധതികളും 8458 ഹാൻഡ്പൈപ്പ് റിപ്പയറുകളും 604 ചെറുകിട പദ്ധതികളുടെ പുനരുദ്ധാരണവും നടപ്പിലാക്കിയിട്ടുണ്ട്. 1874 ലക്ഷം രൂപ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഈ കാലയളവിൽ ചെലവായിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന 1,57,097 കുടുംബങ്ങൾക്ക് പ്രത്യക്ഷമായി പ്രയോജനം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം IV ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

P17 45/

## ഈ സർക്കാരിന്റെ നേട്ടങ്ങൾ

കേരള ജല അതോറിറ്റി നിലവിൽ 1020 ശുദ്ധ ജല വിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 2.1 കോടി ജനങ്ങൾക്ക് 27 ലക്ഷം കണക്ഷനുകളിലൂടെയും 2 ലക്ഷം പൊതു ടാപ്പുകളിലൂടെയും കടിവെള്ള വിതരണം ചെയ്തു വരുന്നു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4,93,000 പേർക്ക് പുതുതായി വാട്ടർ കണക്ഷൻ നൽകിയപ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നു നാളിതുവരെ തന്നെ (31.12.2020) ഏകദേശം 10 ലക്ഷത്തിലധികം പുതിയ കണക്ഷനുകൾ നൽകിക്കഴിഞ്ഞു. 2024 ഓടെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷൻ വഴി ജല വിതരണം നടത്തുകയെന്ന ലക്ഷ്യത്തോടെ ജല ജീവൻ മിഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഇതിനോടകം തന്നെ 1,38,458 (31.12.2020 വരെ) കണക്ഷനുകൾ നൽകി കഴിഞ്ഞു.

വാട്ടർ അതോറിറ്റിയിലൂടെ പത്ത് ലക്ഷത്തിലധികം കടിവെള്ള കണക്ഷനുകൾ നൽകാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്.. സംസ്ഥാനം നേരിട്ട നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയകാലത്ത് വാട്ടർ അതോറിറ്റിക്ക് 140.899 കോടി രൂപയുടെ നഷ്ടമുണ്ടായി. 18.08.2018 ൽ മാത്രം 483 പദ്ധതികളാണ് വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായത്. എന്നാൽ രണ്ട് ദിവസംകൊണ്ട് ഇവയിൽ 200 പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു. 372 പദ്ധതികളെയാണ് പ്രളയം രൂക്ഷമായി ബാധിച്ചത്. ആകെ ഉല്പാദനശേഷിയുടെ 52 ശതമാനം പ്രവർത്തനരഹിതമായത് രണ്ടു ദിവസം കൊണ്ട് 28 ശതമാനത്തിലേയ്ക്ക് എത്തിക്കാനും രണ്ടാഴ്ചകൊണ്ട് മൊത്തം ഉൽപാദനത്തിന്റെ രണ്ടു ശതമാനമൊഴികെയുള്ളവ പ്രവർത്തന ക്ഷമമാക്കുവാനും സാധിച്ചു. ശബരിമലയിൽ കടിവെള്ള വിതരണത്തിനായി അതോറിറ്റി സ്വീകരിച്ച നടപടികൾ ഏവരുടെയും പ്രശംസ പിടിച്ചു പറ്റിയിരുന്നു. പ്രളയം കാരണം തകർന്ന പമ്പ-ത്രിവേണി പമ്പ്ഹൗസിന്റെ പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിലാണ് പുനഃസ്ഥാപിച്ചത്.

കഴിഞ്ഞ കുറെ വർഷങ്ങളിൽ ഉണ്ടായതിൽ വച്ച് ഏറ്റവും രൂക്ഷമായ വരൾച്ചയാണ് 2016 – 17 ൽ സംസ്ഥാനം നേരിട്ടത്. വ്യക്തവും ഏകോപിതവുമായ നടപടികളിലൂടെ ഈ വരൾച്ചക്കാലത്ത് കടിവെള്ളക്ഷാമം പരിഹരിക്കുവാൻ അതോറിറ്റിക്ക് കഴിഞ്ഞു. വരൾച്ചയുമായി ബന്ധപ്പെട്ട് കടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിനായി എല്ലാ ജില്ലകളിൽ നിന്നും ലഭ്യമായ പദ്ധതികൾ അവലോകനം നടത്തി 40 കോടി രൂപ വകയിരുത്തുകയും പ്രതിരോധ പ്രവർത്തനങ്ങൾക്കായി മൂന്നു ഘട്ടങ്ങളിലായി 39.986 കോടിരൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുംചെയ്തു. തിരുവനന്തപുരം നഗരത്തിലെ ജലവിതരണത്തിന്റെ സ്രോതസ്സായ പേപ്പാറ ഡാമിൽ ജലവിതാനം കുറഞ്ഞതിനാൽ നെയ്യാറിലെകാപ്പുകാട്ടു നിന്നും ജലം കൊണ്ടുവന്നു വിതരണം ചെയ്യാൻ കഴിഞ്ഞത് ശ്രദ്ധേയമായ നേട്ടമായി.

കോവിഡ്-19 ലോക്-ഡൗൺ കാലത്ത് കടിവെള്ള പ്രശ്നങ്ങൾ ജനങ്ങളെ ബാധിക്കാതിരിക്കാൻ പ്രവർത്തനങ്ങൾ കൂടുതൽ കുറ്റമറ്റതാക്കി മികവോടെ മുന്നേറുകയാണ് വാട്ടർ അതോറിറ്റി. ലോക് ഡൗൺ നാളുകളിലും വാട്ടർ അതോറിറ്റിയുടെ എല്ലാ ജലശുദ്ധീകരണ പദ്ധതികളും പതിവുപോലെ

പ്രവർത്തിച്ച് സംസ്ഥാനത്ത് ശുദ്ധജലവിതരണം ഉറപ്പു വരുത്തുന്നു. കോവിഡിന്റെയും കടുത്ത
വേനലിന്റെയും പ്രളയത്തിന്റെയും സമയത്ത് കുടിവെള്ള ലഭ്യത ഉറപ്പാക്കി ജനങ്ങൾക്ക്
ആശ്വാസത്തിന്റെയും ആത്മവിശ്വാസത്തിന്റെയും കരുത്ത് പകരാനും കേരള സർക്കാരിനായി.
പ്രൈസ് സോഫ്റ്റ് വെയർ കാര്യക്ഷമമാക്കി പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ കേരള വാട്ടർ
അതോറിറ്റിയുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിലേക്കായി മറ്റു നൂതന
സാങ്കേതിക സോഫ്റ്റ് വെയറുകളുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.
അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിലേക്കായി ഇടപാടിന്റെ ഭാഗമായി
വാട്ടർ ബില്ലുകൾ ഓൺലൈൻ ആയി അടക്കുവാൻ ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം,
Quick pay സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.
ജല അതോറിറ്റി പ്രധാനമായും ഊന്നൽ നൽകുന്നത് പൈപ്പ് ലൈനിലൂടെ കുടിവെള്ളം
എത്തിക്കുന്നതിനാണ്.സ്വീവറേജ് സർവ്വീസ് ഏജൻസി എന്ന നിലയ്ക്ക് സ്വീവറേജ് മാനേജ്മെന്റിനായി
പ്രവർത്തിക്കുവാനായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ വെർട്ടിക്കൽ വിങ് രൂപീകരിച്ചിട്ടുണ്ട്.
ആദ്യ ഘട്ടത്തിൽ മുൻഗണന നൽകുന്നത് വികേന്ദ്രീകൃത സ്വീവറേജും, സെപ്റ്റേജ് ട്രീറ്റ്മെന്റ്
പ്ലാന്റുകൾക്കുമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ നാലര വർഷത്തിനിടയിൽ
ജൈജെഎം, കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, അമൃത് എന്നീ പദ്ധതികളിലായി 15,775 കോടി
രൂപയുടെ പ്രവർത്തികൾക്കു ഭരണാനുമതി നൽകി. 12000 കോടി രൂപയുടെ പണികൾ ഇപ്പോൾ
നടന്നു വരുന്നു. വളരെക്കാലമായി മുടങ്ങിക്കിടക്കുന്നതും പണി പൂർത്തിയാകാത്തതുമായ കുടിവെള്ള
പദ്ധതികൾ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റിയിലൂടെ
സമയബന്ധിതമായി പൂർത്തിയാക്കാനും കുടിവെള്ള കണക്ഷൻ വേഗത്തിൽ നൽകാനും
സർക്കാരിന് സാധിച്ചു. 96 കുടിവെള്ളപദ്ധതികൾ പൂർത്തീകരിക്കുകയും 500 ദശലക്ഷം ലിറ്ററോളം
കുടിവെള്ളം അധികമായി ഉൽപ്പാദിപ്പിക്കുകയും ചെയ്തു. 20 ലക്ഷത്തിലേറെ പേർക്കാണ് ഇതിന്റെ
പ്രയോജനം ലഭിച്ചിട്ടുള്ളത്.

P 53 Lf

Annexure II

ഈ സർക്കാർ കാലയളവിൽ ഭൂജലവകുപ്പ് 46548 പുതിയ കുടിവെള്ള കണക്ഷനുകൾ നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ.

| ജില്ല | 2016-2017 | 2017-2018 | 2018-2019 | 2019-2020 | 2020-2021 | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 1897 | 918 | 978 | 712 | 378 | 4883 |
| കൊല്ലം | 265 | 896 | 1042 | 651 | 224 | 3078 |
| പത്തനംതിട്ട | 331 | 0 | 261 | 32 | 68 | 692 |
| ആലപ്പുഴ | 2669 | 1034 | 914 | 2636 | 649 | 7902 |
| ഇടുക്കി | 687 | 75 | 280 | 77 | 300 | 1419 |
| കോട്ടയം | 725 | 570 | 640 | 365 | 80 | 2380 |
| എറണാകുളം | 120 | 73 | 173 | 56 | 555 | 977 |
| തൃശ്ശൂർ | 2959 | 5754 | 5989 | 4420 | 1573 | 20695 |
| പാലക്കാട് | 360 | 1080 | 400 | 320 | 160 | 2320 |
| കോഴിക്കോട് | 115 | 75 | 30 | 35 | 0 | 255 |
| മലപ്പുറം | 76 | 93 | 156 | 101 | 67 | 493 |
| വയനാട് | 0 | 0 | 0 | 0 | 10 | 10 |
| കണ്ണൂർ | 145 | 125 | 105 | 155 | 190 | 720 |
| കാസർഗോഡ് | 147 | 78 | 229 | 136 | 134 | 724 |
| | | | | | | 46548 |

സെക്ഷൻ ഓഫീസർ

14/1/21

87 CF

Annexure III

Annexure 2

## Completed KIIFB Projects

| Sl. No | Name of work | KIIFB Approved Amount Rs. in Crore | Status |
|---|---|---|---|
| **Ernakulam District** | | | |
| 1 | Water supply Distribution strengthening of Kadamakkudi Panchayath | 12 | Work Completed |
| **Idukki District** | | | |
| 2 | Augmentation of Urban Water Supply Scheme to Thodupuzha Municipality in Idukki District | 34 | Work Completed |
| **Alappuzha District** | | | |
| 3 | Augmentation of Urban Water Supply to Shomur Municipality and Vaniyamkulam Panchayath | 35 | Work Completed |
| 4 | WSS to Ambalappara Panchayath in Ottapalam Taluk, Palakkad District - Phase I | 10 | Work Completed |
| **Wayanad District** | | | |
| 5 | Distribution Line Extension from ongoing WSS to Mananthavady, Edavaka and Nalloornadu villages in Wayanad District | 18 | Work Completed |
| **Kannur District** | | | |
| 6 | Augmentation of WSS to Dharmadam panchayath in Dharmadam Constituency | 16.5 | Work Completed |
| 7 | WSS to Kottayam Census Towns - Strengthening of Distribution system in Thalassery Taluk of Kannur District | 12 | Work Completed |
| | | **137.5** | |

| Projects pending due to land issues | | | |
|---|---|---|---|
| **Thiruvananthpuram District** | | | |
| 1 | Karode Comprehensive Drinking water Project-Phase 1 | 89.19 | LA in progress & TS to be issued |
| 2 | Drinking water project for Nagaroor,Karavaram and Pulimath Panchayats | 81.81 | Land transfer in progress & TS to be issued |
| 3 | Treated Drinking Water Project including Kottukal and Athiyannur Panchayats-Phase 1 | 25.49 | TS to be issued |
| 4 | Kizhakkanmala Drinking Water Supply Project | 43.09 | TS to be issued |
| **Alappuzha District** | | | |
| 5 | Kuttanad Drinking Water Project-IInd Phase | 289.54 | LA in progress & TS to be issued |
| **Kottayam District** | | | |
| 6 | Drinking Water Project in Ettumanoor in Kottayam District | 93.23 | LA in progress & TS to be issued |
| 7 | Karimpukayam Water Supply Project-Augmentation of ARWSS to Kanjirappally,Elikkulam and Chirakkadavu panchayths in Kottayam District | 68.64 | LA in progress & TS to be issued |
| **Ernakulam District** | | | |
| 8 | WSS to Muvattupuzha Paingottoor | 28.82 | LA in progress & TS to be issued |
| 9 | Karumallur Panchayat Fresh Water Distribution project | 37.485 | LA in progress & TS to be issued |
| **Thrissur District** | | | |
| 10 | WSS to Thrissur Corporation and adjoining panchayaths Phase -1 | 185 | Revised DER to be submitted to GoK for revised AS |
| **Kannur District** | | | |

| | | | |
|---|---|---|---|
| 11 | Thalassery-Koothuparama Comprehensive drinking water project | 85.86 | LA in progress & TS to be issued |
| 12 | Water Supply Scheme to Peravoor, Muzhakkunnu,Payam and Ayyankunnu in Kannur District - phase I | 76.01 | LA in progress & TS to be issued |
| | | | |
| | | 1104.165 | |

## Ongoing KIIFB Projects

### Thiruvananthpuram District

| | | | |
|---|---|---|---|
| 1 | Thiruvananthpuram Neyyar Alternative Source | 206.96 | Work Tendered and is under process |
| 2 | Drinking Water Project in the coastal Panchayats of Chirayinkeezhu Constituency | 19.87 | Ongoing work |
| 3 | Replacement of Transmission Mains in Thiruvananthapuram Circle | 77.86 | Ongoing work |

### Kollam District

| | | | |
|---|---|---|---|
| 4 | Augmentation of Water Supply Scheme to Kollam Corporation Phase – II | 235 | Ongoing work |
| 5 | Water Supply Scheme to Kalluvathukkal Parippally and Velinalloor villages - Phase I | 27 | Ongoing work |
| 6 | WSS to Pattazhy, Pattazhy Vadakkekkara, Mylom and Thalavoor Panchayaths Phase –II | 60.13 | Ongoing work |
| 7 | Chathannur Drinking Water Project | 60 | Ongoing work |
| 8 | Replacements of Transmission mains-Kollam PH Circle | 37.33 | Ongoing work |

### Pathanamthitta District

| | | | |
|---|---|---|---|
| 9 | W.S.S. to Perunadu & Athikkayam Villages in Pathanamthitta District (Phase -2) | 41.4 | Ongoing work |

| | | | |
|---|---|---|---|
| 10 | Augmentation of 24mld WTP at Kallissery & Renovation of 33mld WTP at Thiruvalla for Thiruvalla & Changanaserry Municipalities & adj. Pchyts | 58 | Ongoing work |
| 11 | Replacement of Transmission Mains in Pathanamthitta Circle | 52.7 | Ongoing work |
| | **Alappuzha District** | | |
| 12 | WSS to Ala,Puliyoor,Budhanoor & Pandanad panchayaths | 199.13 | Ongoing work |
| 13 | Augmentation and Modemization of WS Distribution in Alappuzha Municipality-Balance works | 211.71 | Tendered and is under process |
| | **Kottayam District** | | |
| 14 | Augmentation of UWSS to Kottayam Municipality | 50 | Ongoing work |
| 15 | Replacements of Transmission mains-Kottayam PH Circle | 14.79 | Ongoing work |
| | **Ernakulam District** | | |
| 16 | Water supply Distribution strengthening of Varappuzha Panchayath | 16.5 | Ongoing work |
| 17 | Augmentation of WSS to Angamaly constituecncy | 115.93 | LA in progress & TS to be issued |
| | **Idukki District** | | |
| 18 | Ayyappankovil Drinking Water Project | 46.424 | TS issued and tendered |
| 19 | Replacements of Transmission mains-Muvattupuzha PH Circle | 17.71 | Ongoing work |
| | **Thrissur District** | | |
| 20 | Augmentation of CWSS to Nattika Firka Phase I | 69.96 | Ongoing work |

| | | | |
|---|---|---|---|
| 21 | WSS To Kodassery, Pariyaram and Athirappilly Panchayaths in Thrissur District | 58.61 | Ongoing work |
| 22 | Chazhur Anthikkadu Thannyam Drinking Water project | 34.76 | Ongoing work |
| 23 | Replacements of Transmission mains-Thrissur PH Circle | 35.13 | Ongoing work |
| | **Palakkad District** | | |
| 24 | Comprehensive Drinking Water Project, Karimba and Kongad panchayaths | 28.3 | Ongoing work |
| 25 | Vandazhi, Kizhakkanchery –Vadakanchery –Kannambra Comprehensive Fresh Water Distribution Project (IInd Phase) | 69.54 | Ongoing work |
| 26 | WSS to Kozhinjampara, Vadakarapathy, Eruthanpathy in Palakkad Dictrict - Phase I | 23.77 | Ongoing work |
| 27 | WSS to Perumatty, Pattanamcherry, Elappully, Nallepathy PhaseII | 25.99 | Ongoing work |
| 28 | Water Supply Scheme to Ambalappara Panchayath in Ottappalam Taluk in Palakkad District (Phase – II) | 11.14 | Ongoing work |
| 29 | Augmentation of Nenmara, Ayilur & Melarcode Water Scheme in Chittur & Alathur Taluks in Palakkad District (Phase II) | 24.5 | Ongoing work |
| 30 | Comprehensive WSS to Thachanattukara, Alanallur and Kottopadam panchayaths in Mannarkkad taluk in Palakkad District. | 22 | Ongoing work |

| | | | |
|---|---|---|---|
| 31 | Elavanchery – Pallassana Comprehensive Drinking Water Project | 17.58 | Ongoing work |
| 32 | WSS to Perumatty, Pattanamcherry, Elappully, Nallepathy Phase III | 77.21 | Agreement executed |
| 33 | CWSS to resolve the scarcity of drinking water in various grama panchayaths in Malampuzha in Palakkad District | 64.14 | Ongoing work |
| 34 | Replacements of Transmission mains-Palakkad PH Circle | 34.09 | Ongoing work |
| | **Malappuram District** | | |
| 35 | Comprehensive WSS to Ponnani & adjoining Panchayaths | 74.4 | Ongoing work |
| 36 | Water Supply Scheme to Tanur Municipality and adjoining 4 Panchayaths - phase 1 | 100 | Ongoing work |
| 37 | WSS to Edayur panchayath and service level improvement of existing WSS to Irambiliyam panchayath and Valanchey Municipality | 72.17 | Ongoing work |
| 38 | WSS to Ramanchadi- Aligar in Malappuram District | 92.52 | Ong[illegible] |
| 39 | Manjeri suburban drinking water project | 72.58 | [illegible] |
| 40 | Improvements to WSS of Kondotty Municipality | 108.[illegible] | [illegible]ing work |
| 41 | Edavanna Panchayat Comprehensive Drinking Water Project (IInd Phase) | 47.[illegible] | [illegible] work |
| 42 | CWSS to Thiruvali & Adjoining Villages - Phase I & II - Thiruvali and Wandoor Part -1 | | Ongoing work |

| | | | |
|---|---|---|---|
| 43 | Improvements to Ram... Water Supply Scheme ... with WSS to Cheekode and adjoining villages | 26 | Ongoing work |
| 44 | Replacements of Transmission mains-Malappuram PH Circle | 28.42 | Ongoing work |
| **Kozhikkode District** | | | |
| 45 | WSS to Koyilandy Municipality | 85 | Ongoing work |
| 46 | Feroke Karuvanthuruthi Drinking Water Project | 18.64 | Ongoing work |
| 47 | Replacements of Transmission mains-Kozhikode PH Circle | 38.86 | Ongoing work |
| **Kannur District** | | | |
| 48 | WSS to Mattanur and Iritty Municipalities | 76.6 | Ongoing work |
| 49 | WSS to Kunjimangalam,Cheruthazham,Ezhimala Naval Acadamy in Kannur District phase I | 56.89 | Ongoing work |
| 50 | Replacements of Transmission mains-Kannur PH Circle | 45.75 | Ongoing work |
| **Kasargode District** | | | |
| 51 | WSS to Kasargode Municipality and Chemmanad Panchayath - Phase - I | 76 | Ongoing work |
| | | 3187.104 | |

14/1/21

അനുബന്ധം IV

~~അനുബന്ധം – 2~~

**ഭൂജലവകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങൾ**

| പദ്ധതി | 2016-2017 | 2017-2018 | 2018-2019 | 2019-2020 | 2020-2021 |
|---|---|---|---|---|---|
| കുഴൽക്കിണർ നിർമ്മാണം | 99 | 19 | 18 | 46 | 34 |
| ചെറുകിട കുടിവെള്ള പദ്ധതി | 32 | 23 | 11 | 19 | 28 |
| ഹാൻഡ് പമ്പ് കുടിവെള്ള പദ്ധതി | 24 | 4 | ഇല്ല | 3 | 1 |
| ഹാൻഡ് പമ്പ് റിപ്പയർ | 4900 | 1300 | 1963 | 149 | 146 |
| ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം | 230 | 117 | 12 | 181 | 64 |
| ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിലെ ബഡ്ജറ്റ് വിഹിതം (തുക ലക്ഷത്തിൽ) | 1340 | 432 | 300 | 300 | 200 |
| ചെലവായ തുക (തുക ലക്ഷത്തിൽ) | 907 | 432 | 270 | 82 | 183 |
| ഗുണഭോക്താക്കളുടെ എണ്ണം | 61995 കുടുംബങ്ങൾ | 32394 കുടുംബങ്ങൾ | 13463 കുടുംബങ്ങൾ | 14612 കുടുംബങ്ങൾ | 24633 കുടുംബങ്ങൾ |

ഡയറക്ടർ

A(d)-12.01.2021 14/1/21

സെക്ഷൻ ഓഫീസർ